# വചനവിചിന്തനം - 2010 ഫെബ്രുവരി 7, ഞായർ

## Jn. 3: 1 - 21

നിക്കോദേമൂസ് ഒരു തീർത്ഥാടനത്തിലാണ് - ജനനത്തിന്റേയും വീണ്ടും ജനനത്തിന്റേയും ഒടുവിൽ നിത്യജീവന്റേയും പൊരുളറിയുന്ന ഗുരുസാന്നിദ്ധ്യം തേടി.

ഈ യാത്രയുടെ തുടക്കം ഒരു രാത്രിയിലാണ് - ദൈവസാന്നിദ്ധ്യത്തിന്റെ വെട്ടമില്ലാത്ത ഇടമെന്നുവേണം രാത്രിയെ കരുതാൻ. ദൈവത്തെ നഷ്ടപ്പെട്ട ഒരു പ്രതിസന്ധിയിലെ മനസ്സിന്റെ അലച്ചിലാണത്. അവബോധങ്ങളിൽ ഇരുട്ടുവീണു തുടങ്ങിയപ്പോൾ ക്രിസ്തുവിനെ തേടിപ്പോകുന്ന നിക്കൊദേമോസിനും (Jn.3) ക്രിസ്തുവിന്റെ മരണശേഷം പഴയ കുളത്തിലേയ്ക്ക് തന്നെ വലയെറിയാൻ പോകുന്ന പത്രോസിനുമൊക്കെ (Jn.21) പശ്ചാത്തലമൊരുക്കുന്ന രാത്രി ആത്മീയമായ അന്വേഷണങ്ങളുടെ ആതുരമായ മാനസീക ഭാവങ്ങളാണ്. സംശയങ്ങളുടേയും ആശങ്കകളുടേയുമൊക്കെ ഇരുട്ടിൽ അവ്യക്തതയുണ്ട്. അതുകൊണ്ടാണ് ക്രിസ്തുമൊഴികളിലെ വീണ്ടും ജനനവും റൂഹായുടെ പ്രവർത്തനവുമൊക്കെ - എങ്ങനെ സംഭവിക്കും? എന്ന് നിക്കോദേമൂസ് ചോദിക്കുന്നത്.

''നിയമവും പ്രവാചകന്മാരും'' രൂപപ്പെടുത്തിയ മതബോധമുണ്ട് അവന്. ദൈവം കൂടെയുള്ളവർ ചെയ്ത അതിമാനുഷീകമായ അടയാളങ്ങളെപ്പറ്റി അറിവുള്ളവൻ - ജറീക്കോ പട്ടണം തകർക്കാൻപോകുന്ന ജോഷ്വായോട് ദൈവം കൂടെപ്പോകുന്നതും അവരുടെ കാഹളധ്വനികൾക്കുമുമ്പിൽ പട്ടണത്തിൽ വലിയ കോട്ട തകർന്നുവീഴുന്നതും എന്നാൽ തൊട്ടടുത്ത് ആയ് എന്ന ചെറിയപട്ടണം കീഴടക്കാൻ പോകുമ്പോൾ ആഖാന്റെ പാപം നിമിത്തം ദൈവം അവരുടെകൂടെ പോകാതിരുന്നതും അങ്ങനെ അവർ പരാജയപ്പെട്ട് പിൻവാങ്ങുന്നതുമൊക്കെ (ജോഷ്വാ) കേട്ടുപഠിച്ച മനസ്സാണ് ഈ യഹൂദപ്രമാണിയുടേത്. ദാവീദും സാംസണുമൊക്കെ ദൈവം കൂടെനിന്നപ്പോൾ ചെയ്ത വലിയകാര്യങ്ങൾ അറിയാവുന്ന നിക്കോദേമൂസ് - ഈ മതബോധത്തിന്റെ അടിസ്ഥാനത്തിലാണ് യേശുവിനെപ്പറ്റി ഒരു വിലയിരുത്തൽ നടത്തുന്നത്.- ''ദൈവം കൂടെയുള്ളവൻ'' എന്ന്. അതുകൊണ്ടാണ് തന്റെ അവബോധങ്ങളിൽ നിഴൽ വീഴുമ്പോൾ വെളിച്ചമാകുമെന്ന് കരുതുന്ന ക്രിസ്തുവിന്റെ ഗുരുമൊഴികൾ തേടി അവൻ എത്തുന്നത്.

ഇനിയുമാണ് സംവാദം: പക്ഷേ പരസ്പര സംവേദനം അത്ര എളുപ്പമല്ലാത്ത രണ്ടു ബോധതലങ്ങളിലാണ് ഇതു നടക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നു വന്നവൻ, ക്രിസ്തു. അവൻ അവിടെ കണ്ടതും അറിയുന്നതുമായ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഭൂമിയിൽ നിന്നുള്ളവൻ നിക്കോദേമൂസ്. ഭൗമിക കാര്യങ്ങളുടെ ബോധപ്രക്രിയയിൽ വ്യാപരിക്കുന്നവൻ;

ജനനം- മാംസത്തിൽ നിന്നാണ്. അതിന്റെ ചിന്തകളും വ്യാപാരങ്ങളും മാംസത്തിന്റേത് .
പിന്നെ;

വീണ്ടും ജനനം - അത് ആത്മാവിൽ നിന്നാണ്. ജലത്താൽ ജനിക്കുന്നത് പ്രത്യക്ഷമായ വിശ്വാസ സ്വീകരണത്തിന്റെ അടയാളമാണ്. അതിലൂടെ കടന്നുപോകുന്നവൻ ആത്മാവിനു വിധേയപ്പെടുന്നു. പിന്നെ റൂഹായുടെ സ്വതന്ത്രമായ പ്രവർത്തനം. (കാറ്റ് അതിന് ഇഷ്ടമുള്ളിടത്തേയ്ക്ക് വീശുന്നു....)

എല്ലാ സൃഷ്ടിയുടെ പിന്നിലും ഈ ആത്മചൈതന്യമുണ്ട് ( ഉത്പത്തി.1: ) അന്ധകാരാവൃതവും രൂപരഹിതവുമായ പ്രകൃതി. “ The Spirit of God brooded over the waters ” ദൈവത്തിന്റെ ആത്മാവ് ജലോപരിതലത്തിലേയ്ക്ക് നിഹിതമായി. സൃഷ്ടി നടന്നു. പു:നസൃഷ്ടിയും ആത്മാവിന്റെ ചൈതന്യത്താൽ തന്നെ. (Acts) സെഹിയോൻ മാളികയിൽ ഭീതിദരായിരുന്ന ശിഷ്യന്മാർക്കുമേൽ ആത്മാവിന്റെ അഗ്നിനാമ്പുകൾ താണിറങ്ങുമ്പോൾ അവര് പുതിയ സൃഷ്ടിയായി - ഭീതിബോധങ്ങളിൽ നിന്നും രക്തസാക്ഷിത്വത്തിലേയ്ക്ക് നടന്നു കയറുകയാണ്.

വീണ്ടും ജനനം ആത്മാവിന്റെ പ്രവർത്തനംകൊണ്ടാണ്. എന്നാൽ ജീവനല്ല നിത്യജീവനാണ് പ്രധാനമെന്നതാണ് ഈ സംവാദത്തിലെ പ്രസക്തമായ ഗുരുവചനം. അതിനുവേണ്ടിയാണ് പിതാവ് ഏകജാതനെ ലോകത്തിന് നല്കിയത്; അതിനുവേണ്ടി മാത്രമാണ് പുത്രൻ കുരിശിലുയർത്തപ്പെട്ടത് (Jn. 3: 14 - 17) . ഈ പുത്രനിൽ വിശ്വസിക്കുന്നതിലൂടെയാണ് നിത്യജീവൻ നേടുന്നത്.

“വിശ്വസിക്കുക” എന്നത് ഒരു ഏറ്റുപറച്ചിൽ എന്നതിനേക്കാൾ കർമ്മവഴികളിലെ നിലപാടാണ്. പ്രകാശത്തെ (ക്രിസ്തുവിനെ) സ്വീകരിച്ച് ദൈവ ഐക്യത്തിലാവുക; അതിനുയോജിച്ച ഫലങ്ങൾ ഉണ്ടാവുക. അന്ധകാരത്തെ സ്നേഹിക്കുന്നവൻ തിന്മയുടെ വഴിയിലാണ്. അവന് പ്രകാശത്തെ ഉൾക്കൊള്ളാനാവില്ല - ക്രിസ്തുവിന് വേണ്ടി നിലപാട് എടുക്കാൻ പറ്റില്ല.

ഇറച്ചി ആൽബിൻ എന്നൊരു മനുഷ്യനെപ്പറ്റി കേട്ടിട്ടുണ്ടാവും. കുറ്റകൃത്യങ്ങൾക്ക് തന്റേതായ വഴികളിലൂടെ ഒരു സമൂഹത്തെ പേടിപ്പെടുത്തിയ ക്രൂരനായ മനുഷ്യൻ. ഒരു പോലീസുകാരനെ കുത്തിക്കൊന്ന് അയാളുടെ ചോര, ചാരായത്തിൽ ഒഴിച്ചു കുടിച്ചവൻ. സ്വന്തം സഹോദരന്റെ വയർ കുത്തിക്കീറിയവൻ. ഒരുപാടു കുറ്റകൃത്യങ്ങൾ കൊണ്ട് അമ്പലപ്പുഴയെ നടുക്കിയവൻ. തടവറയിലെ ദൈവാത്മാവിന്റെ ഇടപെടലിൽ ഒരു മാനസാന്തരം. ഇന്ന് കത്തിക്കു പകരം കയ്യിൽ കൊന്തയാണ്. പുന്നപ്രയിലെ “ശാന്തിഭവന” ത്തിൽ തെരുവിൽ നിന്നു കൊണ്ടുവന്ന മാനസീകരോഗികളെ സ്നേഹിച്ചും ശുശ്രൂഷിച്ചും തന്റെ കഠിന പാതകങ്ങൾക്ക് പരിഹാരം ചെയ്തു ജീവിക്കുന്നു.

വിശ്വസിക്കുക എന്നാൽ അന്ധകാരത്തിന്റെ വഴികളെ വെടിഞ്ഞ് പ്രകാശത്തെ സ്നേഹിക്കുക - ആത്മാവാണ് ഈ പുതു ജനനത്തിന് കാരണമാകുന്നത്. ദൈവ ഐക്യത്തിലാവുന്നതാണ് നിത്യജീവൻ. മാംസത്തിൽനിന്നു ജനിച്ചിട്ട്, ആത്മാവിൽ വീണ്ടും ജനിക്കാതെ ആരും നിത്യജീവിതത്തിലേയ്ക്ക് കടക്കുന്നില്ല എന്ന് ക്രിസ്തു. ദൈവ ഐക്യത്തിൽ തന്റെ കർമ്മങ്ങൾ ചെയ്യുന്നവൻ വെളിച്ചത്തിലേയ്ക്ക് വരുന്നു എന്ന പ്രസ്താവനയോടെ ഒരു സംവാദവും അതിൽ യോഹന്നാന്റെ അടിക്കുറിപ്പും അവസാനിക്കുന്നു.

രാത്രിയിൽ യാത്ര തുടങ്ങിയ നിക്കൊദേമൂസ് പ്രകാശത്തിൽ എത്തി തന്റെ തീർത്ഥാടനം അവസാനിക്കുന്നതുപോലെ, അവബോധങ്ങളുടെ വെളിച്ചത്തിലേയ്ക്ക് തീർത്ഥയാത്ര നടത്താൻ എല്ലാവർക്കുമുള്ള ക്ഷണമാണിത്.

**ഫാ. അലക്സ് വേലച്ചേരിൽ.**